I/5880280/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:ഡി.ഡി.2/128/2023/ത.സ്വ.ഭ.വ തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

തിരുവനന്തപുരം,

തീയതി: 20-09-2023

**സർക്കുലർ**

വിഷയം:- എൽ.എസ്.ജി.ഡി.-ത്രിതല ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുത്ത് ബത്ത കൈപ്പറ്റുന്ന ദിവസങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വേതനം കൈപ്പറ്റുന്നത് ഒഴിവാക്കുന്നത്-നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1. 22.03.2023 തീയതിയിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ NREGA/247/2023-A4 നമ്പർ സർക്കുലർ

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 23.08.23-ലെ NREGA/247/2023-A4 നമ്പർ കത്ത്

**********************

ത്രിതല ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുത്ത് ബത്ത കൈപ്പറ്റുന്ന ദിവസങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും വേതനം കൈപ്പറ്റുന്ന സംഭവങ്ങൾ ഒറ്റപ്പെട്ട രീതിയിലെങ്കിലും നടക്കുന്നതായി സോഷ്യൽ ഓഡിറ്റ് പരിശോധനയിലും തൊഴിലുറപ്പ് ഓംബുഡ്സ്മാൻമാരുടെ അന്വേഷണത്തിലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. തീർത്തും അനഭിലഷണീയവും ക്രമരഹിതവുമായ മേൽ പ്രവൃത്തിയെ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ മുൻപാകെയും വന്നിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ വ്യക്തിപരമായ സാമ്പത്തിക നേട്ടത്തിനുവേണ്ടി ഇത്തരം പ്രവൃത്തികൾ ചെയ്യുന്നത് ന്യായീകരിക്കാൻ കഴിയുന്നതല്ലെന്ന് മാത്രമല്ല വ്യക്തമായ സാമ്പത്തിക ക്രമക്കേടുമാണ്. ഇത്തരം പ്രവണതകൾ തൊഴിലുറപ്പ പദ്ധതിയെ സംബന്ധിച്ചും ജനപ്രതിനിധികളെ സംബന്ധിച്ചും പൊതുജനങ്ങളുടെ ഇടയിൽ അവമതിപ്പിന് കാരണമായിത്തീരും. തൊഴിലുറപ്പപദ്ധതിയിൽ ജോലി ചെയ്യുന്ന മറ്റു തൊഴിലാളികൾക്ക് തെറ്റായ സന്ദേശം നൽകുന്നതിനും ഇതു ഇടയാക്കും. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ തൊഴിലുറപ്പ് മിഷൻ ഡയറക്ടർ സൂചന (1) പ്രകാരം ഒരു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ജനപ്രതിനിധികളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമാണെന്ന് സൂചന (2) പ്രകാരം മിഷൻ ഡയറക്ടർ അറിയിക്കുകയും ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി. സർക്കാർ അക്കാര്യം പരിശോധിച്ചതിൽ നിന്നും പരാമർശ വിഷയത്തിൽ സത്വരമായ പരിഹാര നടപടികൾ ഉണ്ടാവേണ്ടതുണ്ടെന്ന് കാണുന്നു.

മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുത്ത് ബത്ത കൈപ്പറ്റുന്ന ദിവസങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയിലും വേതനം കൈപ്പറ്റുന്ന സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഉൾപ്പെടെ ആർക്കും തന്നെ രജിസ്റ്റർ ചെയ്ത് തൊഴിൽ ചെയ്യുന്നതിൽ തടസ്സം ഇല്ലാത്തതാണ്. എന്നാൽ ജനപ്രതിനിധികൾ ഉൾപ്പെടെ തൊഴിൽ ചെയ്യുന്ന എല്ലാവർക്കും തൊഴിലാളികൾ എന്ന നിലയിൽ ഒരേ അവകാശങ്ങൾ മാത്രമാണ് ഉള്ളത്. തൊഴിൽ സമയത്ത് ഹാജർ രേഖപ്പെടുതിയ ശേഷം പ്രവൃത്തി സമയം മുഴവൻ ഹാജർ ഉണ്ടാകേണ്ടത് തൊഴിലാളികളുടെ ഉത്തരവാദിത്തമാണ്. അതുപോലെ തന്നെ പ്രധാനമാണ് നിശ്ചിത അളവ് പ്രകാരമുള്ള പ്രവൃത്തി ചെയ്തിരിക്കണം എന്നതും. തൊഴിലാളികൾ ചെയ്യുന്ന പ്രവൃത്തിയുടെ അളവിന്റെ അടിസ്ഥാനത്തിൽ മാത്രമേ കൂലി നൽകുവാൻ പാടുള്ളു എന്നിരിക്കെ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയ ശേഷം തൊഴിൽ ചെയ്യാതെ കൂലി വാങ്ങുന്നതും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടത്താതെ കൂലിനൽകുന്നതും ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത വീഴ്ചയ്ക്ക് പ്രവൃത്തി സ്ഥലത്തിന്റെ ചുമതലയുള്ള മേറ്റിനും, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ നടത്തുന്ന ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്വം ഉണ്ടായിരിക്കും.
- ത്രിതല ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഔദ്യോഗിക യോഗങ്ങളിൽ, അതായത് ഭരണസമിതി യോഗങ്ങളിലോ മറ്റ് അനുബന്ധ യോഗങ്ങളിലോ പങ്കെടുത്ത് ബത്ത കൈപ്പറ്റുന്ന ദിവസങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും വേതനം കൈപ്പറ്റുന്നതായി ശ്രദ്ധയിൽപെട്ടാൽ, ഇത്തരത്തിൽ അനർഹമായി കൈപ്പറ്റുന്ന തുക പ്രസ്തുത വ്യക്തിയുടെ ബാധ്യതയായി കണക്കാക്കി ടി വ്യക്തിയിൽ നിന്നും ഈ തുക മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിലേക്ക് ഈടാക്കേണ്ടതാണ്. ഒപ്പം പ്രസ്തുത തുക നൽകാനിടയായ സാഹചര്യത്തിലേയ്ക്ക് നയിച്ച ഉദ്യോഗസ്ഥരുടെ വീഴ്ചയും പരിശോധിക്കേണ്ടതാണ്.
- തുക തിരികെ ഈടാക്കുന്ന ദിവസം വരെ കണക്കാക്കി 18% പലിശയും ഈടാക്കേണ്ടതാണ്.
- തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി സ്ഥലങ്ങളിൽ മസ്റ്റർ റോളിൽ ഒപ്പിട്ട തൊഴിലാളികൾ പ്രവൃത്തി സമയത്ത് ഹാജരുണ്ട് എന്ന് ഉറപ്പാക്കുന്നതിന് കർശനമായ ഫീൽഡ് പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തേണ്ടതും പ്രവൃത്തി സ്ഥലത്ത് ഹാജർ ഉള്ളവരുടെ പേര് വിളിച്ചു ഹാജർ ഉറപ്പുവരുത്തേണ്ടതും ഹാജർ ഇല്ലാത്തവരെ ആബ്സന്റ് അടയാളപ്പെടുത്തേണ്ടതുമാണ്.
- ഹാജർ ഇല്ലാത്ത തൊഴിലാളികൾക്ക് ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആ വിവരം സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതും ചുമതലയുള്ള മേറ്റിനെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യേണ്ടതുമാണ്.
- പ്രവൃത്തി സ്ഥലത്തിന്റെ കൃത്യമായ മേൽ നോട്ടം വഹിക്കാതിരിക്കുകയും വിവിധതരം ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുകയും ചെയ്യുന്ന മേറ്റ്മാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യേണ്ടതും അവരെ സ്ഥിരമായി മേറ്റ് പദവിയിൽ നിന്നും ഒഴിവാക്കുവാൻ നിയമാനുസരണ നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

- സാങ്കേതിക പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിനുള്ള പ്രവൃത്തി നടന്നിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട സാങ്കേതിക ജീവനക്കാരുടെ ബാധ്യതയായി ഇതിനെ കണക്കാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
- സോഷ്യൽ ഓഡിറ്റ്, ഓംബുഡ്സ്പേഴ്സൺ എന്നിവരുടെ പരിശോധനാ വേളയിൽ ഹാജർ രേഖപ്പെടുത്തിയ ശേഷം തൊഴിൽ സ്ഥലത്ത് ഹാജരാകാത്ത തൊഴിലാളികൾക്ക് വേതന വിതരണം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
- പദ്ധതിനിർവ്വഹണം കാര്യക്ഷമവും അഴിമതിരഹിതവുമായി നടക്കുന്നു എന്നുറപ്പുവരുത്താൻ ചുമതലപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി തന്നെ ഇത്തരം നിയമവിരുദ്ധമായ കാര്യങ്ങളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇത്തരം സംഭവങ്ങൾ സർക്കാർ ഗൗരവബുദ്ധ്യാ പരിശോധിക്കുന്നതും ഇവ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയക്കുന്നതുമാണ്.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Nisam N
സെക്ഷൻ ഓഫീസർ.
Date: 20-09-2023 16:29:44

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി.),തിരുവനന്തപുരം
ഡയറക്ടർ എൽ.എസ്.ജി.ഡി.(റൂറൽ), തിരുവനന്തപുരം
ഡയറക്ടർ, MGNREGA സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, തിരുവനന്തപുരം
ചെയർമാൻ, MGNREGA ഓംബുഡ്സ്പേഴ്സൺ അപ്പലേറ്റ് അതോറിറ്റി
എല്ലാ MGNREGA ഓംബുഡ്സ്പേഴ്സൺമാർക്കും
തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി.) മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി.) മുഖേന)
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശ സ്വയഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്